മലയോര ഹൈവേ

26 [1506] ശ്രീ. ടി.പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിൽകൂടെയാണ് നിർമ്മിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കൂടിയാണ് റോഡ് പോകുന്നതെന്ന് വിശദമാക്കാമോ;

(സി) ഹൈവേയുടെ കണക്റിവിറ്റി റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) മലയോര ഹൈവേ കോഴിക്കോട് ജില്ലയിലെ നാദാപുരം, മേപ്പയൂർ, പേരാമ്പ്ര, ബാലുശ്ശേരി, തിരുവമ്പാടി എന്നീ സ്ഥലങ്ങളിലൂടെയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ചങ്ങരോത്ത്, കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ എന്നീ പഞ്ചായത്തുകളിലൂടെയാണ് കടന്നുപോകുന്നത്.

(സി ആൻറ് ഡി) ഇതു സംബന്ധിച്ചുള്ള സാദ്ധ്യതാ പഠനങ്ങൾ നടത്തി വരുന്നതേയുള്ളൂ.

സൗജന്യ പാഠപുസ്തക വിതരണം

27 [1534] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൺകുട്ടികൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സൗജന്യ പുസ്തക വിതരണത്തിനായി ഈ വർഷം എന്തു തുക അനുവദിച്ചു; അതിൽ എന്തു തുക ചെലവഴിച്ചു;

(ബി) ഈ വിഭാഗത്തിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വർഷം 2384.88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമായിട്ടില്ല.

(ബി) 17,36,296 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly